# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

2011 നവംബർ 02, ബുധൻ

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

**ടി. എം. ജേക്കബിന്റെ നിര്യാണം**

മി. സ്പീക്കർ : ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയായിരുന്ന ടി. എം. ജേക്കബിന്റെ വിയോഗം സൃഷ്ടിച്ച നടുക്കത്തിൽനിന്നും ആരും ഇനിയും മോചിതരായിട്ടില്ല. കഴിഞ്ഞ 18 വർഷമായി 'പൾമണറി ഹൈപ്പർ ടെൻഷൻ' എന്ന അപൂർവ്വ രോഗത്തിന്റെ ചികിത്സയിലായിരുന്ന അദ്ദേഹം ഒക്ടോബർ 30-ന് രാത്രി 10.32-ന് നമ്മെ വിട്ടുപിരിഞ്ഞു. എറണാകുളം തിരുമാറാടി പഞ്ചായത്തിലെ ഓലിയപ്പുറത്ത് ടി.എസ്. മാത്യുവിന്റെയും ശ്രീമതി അന്നമ്മാ മാത്യുവിന്റെയും മകനായി 1950 സെപ്റ്റംബർ 16-ന് ജനിച്ച അദ്ദേഹം നിയമത്തിൽ ബിരുദാനന്തര ബിരുദംവരെ പഠിക്കുകയും അഡ്വക്കേറ്റായും രാഷ്ട്രീയ നേതാവായും പ്രശസ്തനാവുകയും ചെയ്തു. 1977-ൽ ഇരുപത്തിയാറാം വയസ്സിൽ നിയമസഭാംഗമാ

വുകയും തുടർന്ന് 1980, 1982, 1987, 1991, 1996, 2011 വർഷങ്ങളിൽ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1982-87 കാലഘട്ടത്തിൽ വിദ്യാഭ്യാസ വകുപ്പിന്റേയും 1991-96 കാലഘട്ടത്തിൽ ജലസേചന-സാംസ്ക്കാരിക വകുപ്പിന്റേയും 2001-2004 കാലഘട്ടത്തിൽ ജലവിഭവ വകുപ്പിന്റേയും മന്ത്രിയായിരുന്നു. ഈ മന്ത്രിസഭയിൽ ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ ചുമതല വഹിച്ചിരുന്ന അദ്ദേഹത്തിന് ഈ ചെറിയ കാലയളവിൽ 'ഒരു രൂപയ്ക്ക് അരി' പദ്ധതി സമയബന്ധിതമായി നടപ്പാക്കാനും 5 ലക്ഷത്തോളം പേർക്ക് റേഷൻ കാർഡ് ലഭ്യമാക്കാനും കഴിഞ്ഞു. പ്രഗത്ഭനായ പാർലമെന്റേറിയൻ, ഭരണാധികാരി എന്നീ നിലകളിൽ പ്രവർത്തിച്ച ടി.എം.ജേക്കബ് നിയമനിർമ്മാണ വേളയിൽ മുഴുവൻ സമയവും സഭയിലുണ്ടായിരിക്കുന്നതോടൊപ്പം ഏത് ബില്ലിനെക്കുറിച്ചും പഠിച്ച് അതിലെ പാളിച്ചകൾ കണ്ടെത്തി തിരുത്താൻ ശ്രമിക്കുകയും ചെയ്തിരുന്നു. 1986 ജൂൺ 24-ന് നിയമസഭയിൽ ചോദ്യോത്തരവേളയിൽ വന്ന ചോദ്യങ്ങൾ മുഴുവനും പ്രീഡിഗ്രി ബോർഡിനെപ്പറ്റിയുള്ളതായതിനാലും അതിനുശേഷം വന്ന അടിയന്തര പ്രമേയം അതേ വിഷയമായതിനാലും രണ്ട് മണിക്കൂറോളം സഭയിൽ നിറഞ്ഞുനിന്ന് ടി.എം. ജേക്കബ് സഭയുടെ ചരിത്രത്തിൽ പുതിയൊരു റിക്കാർഡ് സൃഷ്ടിക്കുകയുണ്ടായി. 1987 ഡിസംബർ 12-ന് ആരംഭിച്ച് 13-ന് വെളുപ്പിന് അവസാനിച്ച കേരള പൊതുപ്രവർത്തകരുടെ അഴിമതി (അന്വേഷണവും അന്വേഷണ വിചാരണയും) ബില്ലിന്റെ ചർച്ചയിൽ സജീവമായി പങ്കെടുത്ത് വിവിധ വകുപ്പുകൾക്ക് ഭേദഗതി നൽകി ടി.എം. ജേക്കബ് രണ്ടര മണിക്കൂറോളം സഭയിൽ നിറഞ്ഞുനിന്നത് അവിസ്മരണീയ അനുഭവമാണ്. പതിനൊന്നാം നിയമസഭയുടെ കാലത്ത് 2001 നവംബർ 29-ാം

തീയതി പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി (ട്രാൻസ്ഫർ ഓഫ് അഡ്മിനിസ്ട്രേഷൻ) ബിൽ സഭയിൽ പരിഗണിച്ചുകൊണ്ടിരിക്കെ, ബിൽ പൈലറ്റ് ചെയ്ത ആരോഗ്യ വകുപ്പുമന്ത്രിക്ക് ശാരീരികാസ്വാസ്ഥ്യം അനുഭവപ്പെടുകയും അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് അന്ന് ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന ടി.എം. ജേക്കബ്, രണ്ടാം വായനയിലായിരുന്ന പ്രസ്തുത ബില്ലിന്റെ അമരക്കാരനായി ആരേയും അതിശയിപ്പിക്കുന്ന തരത്തിൽ മൂന്ന് മണിക്കൂറോളം ചർച്ചയ്ക്ക് നേതൃത്വം കൊടുത്ത ദിനവും ഒരിക്കലും മറക്കാനാവില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്ന നിലയിൽ മഹാത്മാഗാന്ധി സർവ്വകലാശാല രൂപീകരണം എടുത്തുപറയേണ്ടതാണ്. സ്കൂൾ യുവജനോത്സവം ഏഷ്യയിലെ ഏറ്റവും വലിയ കലാമേളയാക്കി മാറ്റി ചരിത്രത്തിലിടം നേടിക്കൊടുക്കാനും ജല സേചന മന്ത്രിയായിരിക്കെ, സംസ്ഥാനത്തിലാദ്യമായി ഒരു ‘‘ജലനയം’’ അവ തരിപ്പിക്കാനും അദ്ദേഹത്തിന് സാധിച്ചു. സാംസ്ക്കാരിക മന്ത്രിയായിരിക്കെ എഴുത്തച്ഛൻ പുരസ്കാരം, സ്വാതി പുരസ്കാരം, ജെ.സി. ഡാനിയേൽ പുരസ്കാരം എന്നീ പരമോന്നത സർക്കാർ ബഹുമതികൾ ഏർപ്പെടുത്തുക യും ടെലിവിഷൻ പരിപാടികൾക്ക് സംസ്ഥാന അവാർഡ് നൽകാൻ തീരുമാ നിക്കുകയും ചെയ്തു. പ്രഗത്ഭനായ നിയമസഭാ സാമാജികൻ, ഭരണാ ധികാരി എന്നീ നിലകളിൽ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ, സി. അച്യുത മേനോൻ തുടങ്ങി സർവ്വരുടെയും പ്രശംസ പിടിച്ചുപറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥി ജീവിതകാലം മുതൽ ജേക്കബുമായി അഗാധവും ആത്മാർത്ഥവുമായ സ്നേഹവും സൗഹൃദവും കാത്തുസൂക്ഷി ക്കുവാൻ ചെയറിന് സാധിച്ചിട്ടുണ്ട്. ജീവിതത്തിലുടനീളം ആ സൗഹൃദം അദ്ദേഹം നിലനിർത്തുകയും ചെയ്തു. പ്രതിസന്ധികളെ ആത്മവിശ്വാസ

ത്തോടെ നേരിടാൻ അദ്ദേഹം കാണിച്ച ധൈര്യം എല്ലാവർക്കും മാതൃകയാക്കാവുന്നതാണ്. അറിയാത്ത വിഷയങ്ങൾ അറിയാനുള്ള ഒരു തീർത്ഥയാത്രയായിരുന്നു ജേക്കബിന്റെ ജീവിതം. സഭാചരിത്രത്തിൽ അപൂർവ്വതകൾ സൃഷ്ടിച്ച അദ്ദേഹത്തിന്റെ പ്രവർത്തനം അനുകരണീയമാണ്. അദ്ദേഹത്തിന്റെ അകാലവിയോഗം സൃഷ്ടിച്ച വിടവ് നികത്താനാവാത്തതാണ്. ആ ഓർമ്മകൾക്കുമുമ്പിൽ സഭയോടൊപ്പം ചെയറിന്റെയും ഹൃദയം നിറഞ്ഞ പ്രണാമം അർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ടി. എം. ജേക്കബിനെക്കുറിച്ച് ചെയർ പറഞ്ഞ എല്ലാ അഭിപ്രായങ്ങളോടും യോജിക്കുന്നു. മൂന്നര പതിറ്റാണ്ടുകാലം കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന് പ്രവർത്തിച്ച് പല പ്രതിസന്ധികളേയും വെല്ലുവിളികളേയും നേരിട്ട് വിജയിച്ച നേതാവായിരുന്നു അദ്ദേഹം. 1977-ൽ ഏറ്റവും പ്രായം കുറഞ്ഞ നിയമസഭാംഗമായിരുന്നു അദ്ദേഹം. എല്ലാവരേയും അതിശയിപ്പിക്കുന്ന വിധത്തിൽ കാര്യങ്ങൾ പഠിച്ച് സഭയിൽ അവതരിപ്പിക്കാനുള്ള പ്രത്യേക കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. മന്ത്രിയായി കൈകാര്യം ചെയ്ത ഓരോ വകുപ്പിലും അദ്ദേഹത്തിന്റേതായ ഒരു സാന്നിധ്യവും നേതൃത്വവും വ്യക്തമാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി.എം. ജേക്കബ് കൊണ്ടുവന്ന പ്രീ-ഡിഗ്രി ബോർഡ് എന്ന ആശയം പിന്നീട് കേരളം അംഗീകരിച്ചത് അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന് ഉദാഹരണമാണ്. അദ്ദേഹത്തിന്റ കാലത്താണ് എം.ജി. യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതിനുള്ള നിയമം പാസ്സാക്കിയത്. സംസ്ഥാനത്ത് സാംസ്ക്കാരിക വകുപ്പ് ആദ്യമായി കൈകാര്യം ചെയ്ത അദ്ദേഹം സാംസ്ക്കാരിക നയം രൂപീകരിക്കുകയും അമൂല്യങ്ങളായ അവാർഡുകൾ ഏർപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ജലവിഭവ വകുപ്പുമന്ത്രിയായിരുന്ന

പ്പോൾ സമഗ്രമായ ജലനയത്തിന് രൂപം കൊടുക്കാനും ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിൽ ചുരുങ്ങിയ സമയംകൊണ്ട് "ഒരു രൂപയ്ക്ക് അരി" പദ്ധതി യാഥാർത്ഥ്യമാക്കാനും ആറ് ലക്ഷത്തിലധികം റേഷൻ കാർഡുകൾ കൊടുത്തുതീർക്കാനും സാധിച്ചിട്ടുണ്ട്. ആരോപണങ്ങളുമായി ബന്ധപ്പെട്ട പോരാട്ടത്തിൽ വിജയിച്ചശേഷമാണ് അദ്ദേഹം വിടവാങ്ങിയത്. അദ്ദേഹത്തിന്റെ സ്മരണ കേരളത്തിൽ എന്നും നിലനിൽക്കും. ആ സ്മരണ യ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ടി.എം. ജേക്കബിനെ സംബന്ധിച്ച് സ്പീക്കറും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച അഭിപ്രായ ങ്ങളോട് യോജിക്കുന്നു. ടി.എം. ജേക്കബിന്റെ വേർപാട് അത്യന്തം വേദനാ ജനകമാണ്. രാഷ്ട്രീയപ്രവർത്തകനായും ജനപ്രതിനിധിയായുമുള്ള അദ്ദേ ഹത്തിന്റെ കഴിവും സാമർത്ഥ്യവും എല്ലാവർക്കും ബോധ്യമായിട്ടുള്ളതാണ്. രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നപ്പോഴും ആരോപണങ്ങൾ ഉയർന്നുവന്നപ്പോഴും അദ്ദേഹത്തിന്റെ സമീപനത്തിലും സൗഹൃദത്തിലും ഒരു തരത്തിലുള്ള വ്യത്യാസവും ഉണ്ടായിട്ടില്ല. പൊതുപ്രവർത്തകൻ, രാഷ്ട്രീയ നേതാവ്, യുവജന നേതാവ്, മികച്ച പാർലമെന്റേറിയൻ എന്നീ നിലകളിൽ വളർന്ന അദ്ദേഹം സഹപ്രവർത്തകർക്കും ജനങ്ങൾക്കും സ്നേഹസമ്പന്നനാ യിരുന്നു എന്നത് എടുത്തുപറയേണ്ടതാണ്. അദ്ദേഹത്തിന്റെ ആകസ്മിക വേർപാടിൽ ദു:ഖം രേഖപ്പെടുത്തുന്നതോടൊപ്പം സന്തപ്ത കുടുംബത്തെ എന്റേയും എന്റെ പാർട്ടിയുടേയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): ടി.എം. ജേക്കബിന്റെ ആകസ്മിക നിര്യാണം അത്യന്തം വേദനാജനകമാണ്. ചുരുങ്ങിയ കാലയളവിനുള്ളിൽ 'ഒരു രൂപയ്ക്ക് അരി' പദ്ധതി നടപ്പാക്കിയത് അദ്ദേഹത്തിന്റെ ജോലിയോടുള്ള പ്രതിബദ്ധത തെളിയിക്കുന്നതാണ്. തന്റേതായ ശൈലിയിൽ കാര്യങ്ങൾ നിർവ്വഹിക്കുന്ന സ്വഭാവമായിരുന്നു അദ്ദേഹത്തിന്റേത്. അഴിമതി നിരോധന നിയമത്തിന്റെ ചർച്ചാവേളയിലുൾപ്പെടെ അദ്ദേഹം ഒരു മികച്ച പാർലമെന്റേറിയൻ ആയിരുന്നു എന്ന് തെളിയിച്ചിട്ടുണ്ട്. ഭരണപരമായ കാര്യങ്ങൾ അനായാസേന നിർവ്വഹിച്ചിരുന്ന നേതാവിനെയാണ് അകാലത്തിൽ നഷ്ടപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും അദ്ദേഹത്തെ സ്നേഹിക്കുന്ന ജനങ്ങളോടും എനിക്കും എന്റെ പാർട്ടിക്കുമുള്ള ദു:ഖം രേഖപ്പെടുത്തുന്നു.

ശ്രീ. സി. ദിവാകരൻ: സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റംഗങ്ങളും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. അദ്ദേഹം മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നതിന്റെ തലേദിവസം എന്നെ ഫോണിൽ വിളിച്ച് എല്ലാ സഹായ സഹകരണവും ഉണ്ടാകണമെന്ന് പറഞ്ഞത് എന്നെ അത്ഭുതപ്പെടുത്തുന്നതായിരുന്നു. നിയമസഭാ നടപടികൾ പരിശോധിച്ചാൽ നിയമനിർമ്മാണത്തിൽ അദ്ദേഹം നൽകിയിട്ടുള്ള സംഭാവനയെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കും. പ്രീ-ഡിഗ്രി ബോർഡ് എന്ന ആശയം യാഥാർത്ഥ്യമായപ്പോൾ വിദ്യാഭ്യാസരംഗത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദീർഘവീക്ഷണമാണ് പ്രകടമായത്. രാഷ്ട്രീയത്തിനതീതമായ സമീപനം സ്വീകരിക്കുന്നതിലും ഒറ്റയ്ക്ക് നിന്ന് സമരം ചെയ്യുന്നതിലും രാഷ്ട്രീയ വെല്ലു

വിളികളിലും വിജയിച്ചെങ്കിലും രോഗത്തിനുമുന്നിൽ മാത്രം അദ്ദേഹത്തിന് കീഴടങ്ങേണ്ടിവന്നു. മികച്ച ഭരണാധികാരി, നിയമസഭാ സാമാജികൻ, വായനക്കാരൻ, എഴുത്തുകാരൻ, സഞ്ചാരി, പകയില്ലാത്ത രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ അദ്ദേഹം വളരെയധികം പ്രശംസ പിടിച്ചുപറ്റി യിട്ടുണ്ട്. സന്തപ്ത കുടുംബത്തെ എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം അറിയിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. കേരള കോൺഗ്രസ്സ് പാർട്ടിയെ പടിപടിയായി വളർത്തിയെടുക്കാൻ ജേക്കബ് ചെയ്ത സേവനങ്ങൾ വളരെ വലുതാണ്. മൂന്നുപതിറ്റാണ്ട് കാലം നിയമ സഭയിൽ സജീവമായി പങ്കെടുത്ത് കരുത്തുറ്റ നിയമസഭാ സാമാജികൻ എന്ന നിലയിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഏത് രംഗത്തായാലും ചിട്ടയോടെ കാര്യങ്ങൾ ചെയ്യുന്ന ഒരു പെർഫക്ഷനി സ്റ്റായിരുന്നു അദ്ദേഹം. പുതിയ തലമുറയിൽപ്പെട്ട എം.എൽ.എ.മാർക്ക് മാതൃ കയാക്കാവുന്ന ചിട്ടയായ വ്യക്തിത്വത്തിനുടമയായ അദ്ദേഹം മന്ത്രിയെന്ന നിലയിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുണ്ട്. പ്രീ-ഡിഗ്രി ബോർഡ് എന്ന ആശയം കൊണ്ടുവന്നതുൾപ്പെടെ ദീർഘവീക്ഷണത്തോടുകൂടി കാര്യങ്ങൾ ചെയ്യാൻ അദ്വിതീയനായിരുന്നു അദ്ദേഹം. എല്ലാ രീതിയിലും ഒരു അനുജ നായി ഞാൻ അദ്ദേഹത്തെയും ഒരു ജ്യേഷ്ഠ സഹോദരനായി ജേക്കബ് എന്നെയും കണ്ടിരുന്നു. ജേക്കബിന്റെ വേർപാട് അത്യന്തം വേദനാജനക മാണ്. ആ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണ മായും യോജിക്കുന്നു. മികച്ച നിയമസഭാ സാമാജികൻ, കഠിനാദ്ധ്വാനിയായ ഭരണാധികാരി എന്നീ നിലകളിൽ കേരളത്തിന്റെയാകെ ശ്രദ്ധ പിടിച്ചുപറ്റിയ നേതാവായിരുന്നു ടി.എം. ജേക്കബ്. തന്റെ അറിവും അനുഭവവും മറ്റുള്ള വരുമായി പങ്കുവയ്ക്കുന്നതിൽ ആത്മസംതൃപ്തി കണ്ടെത്തിയിരുന്ന മഹത് വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. വ്യക്തിപരമായ വിദ്വേഷം വച്ചുപുലർത്താതെ ജൂനിയർ അംഗങ്ങളെ പ്രോൽസാഹിപ്പിക്കുന്ന സമീപന മാണ് അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. ഹൃദയവിശാലതയ്ക്കും മനുഷ്യത്വ ത്തിനും മാതൃകയായിരുന്നു അദ്ദേഹം. നിയമനിർമ്മാണവേളയിൽ മാതൃകാ പരമായ പ്രവർത്തനമാണ് അദ്ദേഹം കാഴ്ചവച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. മോഹനൻ)</u>: സഭയിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജി ക്കുന്നു. പ്രഗൽഭനായ ഒരു നിയമസഭാ സാമാജികൻ എന്ന നിലയിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ ടി.എം. ജേക്കബിന് കഴിഞ്ഞിരുന്നു. നിയമസഭാ നടപടികളെക്കുറിച്ച് അഗാധമായ പാണ്ഡിത്യമുണ്ടായിരുന്ന അദ്ദേഹം നിയമസഭാസാമാജികർക്ക് ഗുരുനാഥൻ തന്നെയായിരുന്നു. സംസ്ഥാന ത്തിനും നിയമസഭയ്ക്കും ധാരാളം സംഭാവനകൾ നൽകിയിട്ടുള്ള അദ്ദേഹ ത്തിന്റെ അകാലവിയോഗം കേരള രാഷ്ട്രീയത്തിൽ നികത്താനാകാത്ത നഷ്ട മാണുണ്ടാക്കിയിരിക്കുന്നത്. അദ്ദേഹത്തിന്റെ വേർപാടിലും സന്തപ്ത കുടുംബത്തിന്റെ ദു:ഖത്തിലും പങ്കുചേരുന്നു.

<u>ശ്രീ. എ.എ. അസീസ്:</u> ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. നിയമസഭാ നടപടികളെക്കുറിച്ച് അഗാധമായ പാണ്ഡിത്യമുള്ള വ്യക്തിയായിരുന്നു ടി.എം. ജേക്കബ്. പതിനൊന്നാം കേരള നിയമസഭയിൽ നവാഗതരായ അംഗങ്ങൾക്കുവേണ്ടി ക്ലാസ് എടുത്തത് വളരെയധികം പ്രയോജനപ്രദമായിരുന്നു. അദ്ദേഹം നല്ലൊരു ഭരണാധികാരിയും മികച്ച പാർലമെന്റേറിയനുമായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ കുടുംബാംഗങ്ങൾക്കുള്ള ദു:ഖത്തിൽ പങ്കുചേരുന്നു.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.ബി. ഗണേഷ് കുമാർ):</u> ബഹുമാനപ്പെട്ട സ്പീക്കർ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് പൂർണ്ണമായി യോജിക്കുന്നു. കുറച്ചുദിവസങ്ങളായി ക്ഷീണിതനായി കാണപ്പെട്ട അദ്ദേഹത്തിന് തന്റെ അസുഖത്തെക്കുറിച്ച് പൂർണ്ണ ബോദ്ധ്യമുണ്ടായിരുന്നു. സംസ്ഥാനത്തിനും കേരള രാഷ്ട്രീയത്തിനും വലിയ നഷ്ടമാണ് അദ്ദേഹത്തിന്റെ വേർപാടുമൂലം ഉണ്ടായിട്ടുള്ളത്. മികച്ച പാർലമെന്റേറിയനായിരുന്ന അദ്ദേഹം മാധ്യമങ്ങളോട് ആത്മബന്ധം പുലർത്തിയിരുന്നു. കേരളരാഷ്ട്രീയത്തിന് വിസ്മരിക്കാൻ കഴിയാത്ത അദ്ദേഹത്തിന്റെ വേർപാടിലുള്ള ദു:ഖത്തിൽ പങ്കുചേരുന്നു.

<u>ശ്രീ. തോമസ് ചാണ്ടി.</u> ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. നാലുപതിറ്റാണ്ടുകാലം കേരള രാഷ്ട്രീയത്തിലും മൂന്നുപതിറ്റാണ്ടുകാലം നിയമസഭയിലും നിറഞ്ഞുനിന്ന വ്യക്തിത്വത്തിനുടമയായിരുന്നു ടി.എം ജേക്കബ്. നിയമസഭയിൽ മെമ്പർമാരുടെ ഉത്തരവാദിത്വത്തെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തമായ ധാരണയും കാഴ്ചപ്പാടുമുണ്ടായിരുന്നു. പ്രഗത്ഭനായ നിയമസഭാ സാമാജികനായിരുന്ന അദ്ദേഹം ശാന്ത പ്രകൃതക്കാരനായിരുന്നു. ആദ്യമായി നിയമസഭയിൽ വന്ന

അവസരത്തിൽ നിയമസഭാ നടപടികളെക്കുറിച്ചും നിയമസഭയിൽ പാലിക്കേണ്ട മര്യാദകളെക്കുറിച്ചും എനിക്ക് പറഞ്ഞുതരികയുണ്ടായി. അദ്ദേഹത്തിന്റെ വേർപാട് ജനാധിപത്യകേരളത്തിനും നിയമസഭയ്ക്കും വലിയ നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. അദ്ദേഹത്തിന്റെ വേർപാടിലുള്ള ദു:ഖത്തിൽ പങ്കുചേരുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സഭയിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുന്നു. ജനാധിപത്യ കേരളത്തിനും നിയമസഭയ്ക്കും കനത്ത ശൂന്യതയാണ് ടി.എം. ജേക്കബിന്റെ വേർപാട് ഉണ്ടാക്കിയിട്ടുള്ളത്. ഒരു ജ്യേഷ്ഠ സഹോദരനെയാണ് അദ്ദേഹത്തിന്റെ മരണംമൂലം എനിക്ക് നഷ്ടമായത്. പാർലമെന്ററി പ്രവർത്തനത്തിൽ നവാഗതരായ എം.എൽ.എ.മാർക്ക് റോൾ മോഡൽ ആയിരുന്നു അദ്ദേഹം. നിയമസഭാനടപടികളെ സംബന്ധിച്ച അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകാൻ അദ്ദേഹം എപ്പോഴും സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. കുറഞ്ഞ സമയം കൊണ്ട് 'ഒരു രൂപയ്ക്ക് അരി' പദ്ധതി നടപ്പിലാക്കാനും അപേക്ഷിച്ച എല്ലാവർക്കും റേഷൻകാർഡ് വിതരണം ചെയ്യാനും നടപടി സ്വീകരിച്ചു. നെടുമ്പാശ്ശേരി എയർപോർട്ട് പ്രാവർത്തികമാക്കാനും യുവജനോത്സവം ഏറ്റവും വലിയ കൂട്ടായ്മയാക്കി മാറ്റാനും റാങ്ക് ജേതാക്കളെ അവരുടെ വീട്ടിൽ എത്തി അഭിനന്ദിക്കുന്ന പരിപാടിക്ക് തുടക്കം കുറിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹത്തിന്റെ വേർപാടിലുള്ള ദു:ഖത്തിൽ പങ്ക്ചേരുന്നു.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

സഭ രാവിലെ 10.01-ന് പിരിഞ്ഞു.

@@@@@@